# MALANKARA JACOBITE SYRIAN SUNDAY SCHOOL ASSOCIATION

*(Under the Holy Apostolic See of Antioch and All the East)* **Reg. No. ER/308/07**



**Circular to All Sunday Schools and Co-workers**
**Website : www.mjssa.in**
**Email : mjssahq@gmail.com**

**M.J.S.S.A. HEAD QUARTERS,**
Puthencruz P.O., Ernakulam District,
Kerala state, Pin - 682 308,
Phone : 0484 - 2730150, 80781 57150 (Whatsapp)
General Secretary : 9446138868 (Personal)


**Circular No.: M/C/04/ 2024**

**15-03-2024**

**കർത്താവിൽ പ്രിയ സഹപ്രവർത്തകരെ,**

മലങ്കര യാക്കോബായ സിറിയൻ സൺഡേസ്കൂൾ അസ്സോസിയേഷൻ സൺഡേസ്കൂൾ വിദ്യാർത്ഥികളുടെ ആത്മീയ പഠനത്തിനൊപ്പം വിദ്യാർത്ഥികളിലുള്ള കലാപരമായ കഴിവുകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ തലങ്ങളിലായി കലോത്സവങ്ങൾ നടത്തി വരുന്നു. കലോത്സവ നടത്തിപ്പിൽ സമയാസമയങ്ങളിൽ കാലോചിതമായ മാറ്റങ്ങളും പരിഷ്കാരങ്ങളും കൈകൊള്ളാറുണ്ട് 2024 ജനുവരി മാസത്തിൽ ഡിസ്ട്രിക്റ്റ് ഇൻസ്പെക്ടർമാർ, ഭദ്രാസന ഡയറക്ടർമാർ, സെക്രട്ടറിമാർ, കേന്ദ്രകമ്മിറ്റി അംഗങ്ങൾ എന്നിവർ ചേർന്ന് നടത്തിയ 'ഫോക്കസ്'- 2024 - ൽ വിശദമായി ചർച്ചചെയ്തതും കലോത്സവകമ്മിറ്റിയും, എക്സിക്യൂട്ടിവ് കമ്മിറ്റിയും, 09.03.2024ൽ ചേർന്ന കേന്ദ്രകമ്മിറ്റിയും ആവശ്യമായ വിശകലനവും നടത്തി അംഗീകരിച്ചതുമായ 2024 വർഷത്തെ കലോത്സവത്തിൽ നടപ്പിലാക്കുന്ന പുതിയ മാറ്റങ്ങൾ ചുവടെ ചേർക്കുന്നു.

## 2024 കലോത്സവ നടത്തിപ്പിൽ ശ്രദ്ധിക്കേണ്ട പുതിയ മാറ്റങ്ങൾ

**1.** വിവിധ തലങ്ങളിൽ കലാമത്സരങ്ങൾ നടക്കുന്നത് താഴെ പറയുന്ന മാസങ്ങളിൽ ആയിരിക്കും.

| | |
|---|---|
| **സൺഡേസ്കൂൾ തലം** | **– 2024 ജൂലൈ** |
| **ഡിസ്ട്രിക്റ്റ് തലം** | **– 2024 ഓഗസ്റ്റ്** |
| **ഭദ്രാസന തലം** | **– 2024 സെപ്റ്റംബർ** |
| **അഖിലമലങ്കര തലം** | **– 2024 ഒക്ടോബർ** |

**2. 2024 പ്രസംഗ മത്സര വിഷയങ്ങൾ**

| | |
|---|---|
| **സബ്ജൂണിയർ** | : **കർത്താവ് എന്റെ ഇടയൻ.** |
| **ജൂണിയർ** | : **ക്രിസ്തീയ കുടുംബം.** |
| **സീനിയർ** | : **"നീ വിശ്വസിക്കുമെങ്കിൽ, നീ ദൈവത്തിന്റെ മഹത്വം കാണും" (വി.യോഹന്നാൻ.11 :40)** |
| **പ്ലസ് വൺ പ്ലസ്ടു** | : **മാറുന്ന ലോകവും ദൈവ വിശ്വാസവും.** |

**3.** കലോത്സവത്തിൽ മൽസര വിജയികൾക്കും ഗ്രേഡ് നേടുന്നവർക്കും നൽകിയിരുന്ന പോയന്റിൽ വരുത്തിയിട്ടുള്ള മാറ്റങ്ങൾ

| | | | |
|---|---|---|---|
| **ഒന്നാം സ്ഥാനം** | **5 പോയിന്റ്** | **A ഗ്രേഡ്** | **3 പോയിന്റ്** |
| **രണ്ടാം സ്ഥാനം** | **3 പോയിന്റ്** | **B ഗ്രേഡ്** | **2 പോയിന്റ്** |
| **മൂന്നാം സ്ഥാനം** | **1 പോയിന്റ്** | **C ഗ്രേഡ്** | **1 പോയിന്റ്** |

മുൻ വർഷങ്ങളിൽ ഗ്രേഡ് പോയിന്റ് 5,3,1 എന്ന രീതിയിലും ഒന്ന്, രണ്ട്, മൂന്നാം സ്ഥാനം നേടുന്നവർക്ക് യഥാക്രമം 3,2,1 എന്ന തരത്തിലും ആയിരുന്നു അതിനു മാറ്റം വരുത്തിയിട്ടുണ്ട്.

### 4. തങ്കവാക്യ മത്സരം

തങ്കവാക്യമത്സരത്തിലുള്ള ചോദ്യങ്ങളുടെ ഘടനയിൽ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ഇത് അനുസരിച്ച് വേണം ചോദ്യപേപ്പറുകൾ തയ്യാറാക്കേണ്ടത്.

**1. പൂരിപ്പിക്കുക – 20 എണ്ണം**
**2. പുസ്തകം,അദ്ധ്യായം,വാക്യം എഴുതുക – 20 എണ്ണം** **ആകെ 50 ചോദ്യങ്ങൾ, 30 മിനിറ്റ് സമയം**
**3. വാക്യം എഴുതുക – 10 എണ്ണം**

"**വാക്യം എഴുതുക**" എന്ന വിഭാഗത്തിൽ ജൂനിയർ വിഭാഗത്തിന് 01 മുതൽ 75 വരെയുള്ള വാക്യങ്ങളിൽ നിന്നും, സീനിയർ വിഭാഗത്തിന് 01 മുതൽ 150 വരെയുള്ള വാക്യങ്ങളിൽ നിന്നുമായിരിക്കും ചോദ്യങ്ങൾ ഉണ്ടായിരിക്കുക. ബാക്കി പഠന ഭാഗങ്ങൾ മുൻവർഷങ്ങളിലെ പോലെ ജൂനിയർ വിഭാഗം 01 മുതൽ 250 വരെ വാക്യങ്ങളിൽ നിന്നും സീനിയർ വിഭാഗം 01 മുതൽ 350 വരെയുള്ള വാക്യങ്ങളിൽ നിന്നും ചോദ്യങ്ങൾ ഉണ്ടായിരിക്കും.

### 5. ബൈബിൾ ക്വിസ്

ക്വിസ് മത്സരത്തിന്റെ ഫൈനൽ റൗണ്ട് മത്സരത്തിലേക്ക് '10' ൽ കൂടുതൽ ടീമുകൾ ഉണ്ടെങ്കിൽ പ്രാഥമിക തല എഴുത്ത് പരീക്ഷ നടത്തി അതിൽ നിന്നും ഏറ്റവും കൂടുതൽ മാർക്ക് നേടുന്ന '8' ടീമിനെ ഫൈനൽ റൗണ്ടിൽ ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ ഒരേ മാർക്ക് വാങ്ങി 8 ൽ കൂടുതൽ ടീമുകൾ വന്നാൽ അവർക്ക് വീണ്ടും 7 ചോദ്യം കൂടി നൽകി '8' ടീം മാത്രമാക്കി നിജപ്പെടുത്തേണ്ടതാണ്. പ്രാഥമിക എഴുത്ത് പരീക്ഷയുടെ ചോദ്യങ്ങൾ താഴെ പറയും വിധം തയ്യാറാക്കേണ്ടതാണ്.

| | | |
|---|---|---|
| **പഴയ നിയമം/ അപ്പോക്രീഫാ** | **– 5 മാർക്ക്** | **(ഒന്നാം വർഷത്തേക്കുള്ള ഭാഗത്ത് നിന്ന്)** |
| **പുതിയ നിയമം** | **– 5 മാർക്ക്** | |
| **സഭാചരിത്രം** | **– 5 മാർക്ക്** | |
| **വിശ്വാസ സത്യങ്ങൾ/ ആരാധന** | **– 5 മാർക്ക്** | |
| **ആത്മദീപം ചോദ്യോത്തരപംക്തിയിൽ നിന്ന്** | **– 5 മാർക്ക്** | **(2024 മാർച്ച് മാസത്തെ ആത്മദീപം മുതൽ )** |
| **ആകെ** | **– 25 മാർക്ക്** | |

പ്രാഥമിക റൗണ്ടിൽ നിന്ന് ഫൈനൽ റൗണ്ടിലേക്ക് പ്രവേശിക്കുന്ന എല്ലാ ടീമിനും പ്രാഥമിക റൗണ്ട് എഴുത്തു പരീക്ഷയിൽ ലഭിച്ച മാർക്ക്, ഫൈനൽ റൗണ്ടിലേയ്ക്ക് കൂട്ടിച്ചേർക്കുന്നതും തുടർന്ന് ഫൈനൽ റൗണ്ടിൽ ലഭിക്കുന്ന മാർക്ക്, ഇതിനോട് ചേർത്ത് പരിഗണിക്കുന്നതുമാണ്.

### ക്വിസ് മത്സരത്തിനുള്ള 5 റൗണ്ടുകൾ

1. പഴയ നിയമം
2. പുതിയ നിയമം
3. സഭചരിത്രം ഒന്നാം നൂറ്റാണ്ട് മുതൽ രണ്ടാം സിറിയൻ കുടിയേറ്റം വരെ
   ( **1. സുറിയാനി സഭാ ചരിത്രം.** (പരി. ഇഗ്നാത്തിയോസ് യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവ)
   **2. മോർ തോമാശ്ലീഹായുടെ ഇന്ത്യൻ സഭ** ( ഇ.എം.ഫിലിപ്പ്.) എന്നീ പുസ്തകങ്ങൾ റഫറൻസിനായി ഉപയോഗിക്കാവുന്നതാണ്.)
4. സത്യവിശ്വസങ്ങൾ / വി. ആരാധന / വി. കൂദാശകൾ
5. റാപ്പിഡ് റൗണ്ട് വി.സഭ സംബന്ധിച്ചുള്ള സമകാലിനം, ആത്മദീപം, സഭ പിതാക്കന്മാർ


*മറുപുറം*

വി.ഗ്രന്ഥത്തെ 5 ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. അതിൽ നിന്നും ഒന്നാം വർഷത്തേക്കു നിശ്ചയിച്ചിട്ടുള്ള വി.ഗ്രന്ഥ ഭാഗത്തു നിന്നും മാത്രം ചോദ്യങ്ങൾ ഉൾപ്പെടുത്തണം. **വി.ഗ്രന്ഥത്തിൽ നിന്ന് 2024 വർഷത്തെ കലോത്സവത്തിലേക്കുള്ള ഭാഗങ്ങൾ :- ( ഒന്നാം വർഷം )**

a. പഴയനിയമം - ആദ്യ പുസ്തകം, യോശുവ, 2 ശമുവേൽ, സക്കറിയ, ആമോസ്, സെഫന്യ

b. ഇതര കാനോനിക ഗ്രന്ഥങ്ങൾ - ബാർ ആസീറേ

c. പുതിയനിയമം - വിശുദ്ധ യോഹന്നാന്റെ സുവിശേഷം, 1 കൊരിന്ത്യർ , കൊലോസ്യർ, 1 പത്രോസ്, 2 യോഹന്നാൻ

**കേന്ദ്ര തലത്തിൽ ക്വിസ് മത്സരത്തിൽ ഫൈനൽ റൗണ്ടിൽ ടൈബ്രേക്ക് ഉണ്ടായിരിക്കുന്നതല്ല.**

ഭദ്രാസന/ മേഖല തല മത്സരത്തിലെ ഫൈനൽ റൗണ്ടിൽ 1,2,3 സ്ഥാനങ്ങളിലേക്ക് ടൈ ബ്രേക്ക് കൂടാതെ വിജയികളെ പ്രഖ്യാപിച്ച് സമ്മാനങ്ങൾ നൽകേണ്ടതും എന്നാൽ ഒന്നിലധികം ഒന്നാം സ്ഥാനങ്ങൾ വരികയാണെങ്കിൽ കേന്ദ്രതലത്തിലേക്ക് ഒരു ടീമിന് അവസരം ലഭിക്കുന്നതിനായി റാപ്പിഡ് റൗണ്ടിലേ പോലെ 2 മാർക്കിന്റ 5 ചോദ്യങ്ങൾ ചോദിച്ച് കേന്ദ്രതല മത്സരാർത്ഥിയെ നിശ്ചയിക്കേണ്ടതുമാണ്.

## 6. ആരാധന ഗീതം – തിരഞ്ഞെടുത്ത ആരാധന ഗീതങ്ങൾ എന്ന പുസ്തകത്തിൽ നിന്ന് ഒന്നാം വർഷത്തേക്കുള്ള ഭാഗങ്ങൾ

**മലയാള ഗീതങ്ങൾ 28 എണ്ണം**

### ജനനപെരുന്നാൾ

1. കന്യകയാം - മാതാവിൻ..............................13
2. മശിഹാ ജാതം ചെ - യ്താ ..........................14
3. ശിശുവാ - യ് സ്വയമേവെളിവായി................15
4. ആ - രാ - ളാവൂ - വർണ്ണിപ്പാൻ......................17
5. മാന - വ വത്സലനേ...................................18
6. മുറ്റുന്നീറ്റിൻ നോ - വെന്നിൽ.......................19
7. നാ - ഥാ! ഈ നിൻജന്മത്തിൻ......................20
8. ദാവീദിൻ - മകൾ കന്നി..............................22
9. സംരക്ഷിത - ജാതികളെ............................24
10. ജന്മത്താൽവിടുതൽതന്ന............................25
11. ഈശനുമീ - മർത്യന്മാർ - ക്കും......................26
12 ദ്യുതിസന്തോഷമയൻ..................................27
13. ഗഹ്വരഭവനാം - മന്നവനേ...........................28
14 ഇന്നീറേദൂതഗണംവാനീനെത്തി.................30
15 താരകപോറസ്സിലെ....................................31
16 വാനീന്നും മാലാഖമാർ..............................32
17 കന്യക്കറിയാമിന്നാൾ....................................33
18 സീനായ് ഗിരി നിൻ - സവിധേ...................34

### ദനഹാ പെരുന്നാൾ

19 നദിയോർദ്ദാ - നിൽ - താതൻ........................36

### വി. മാമ്മോദീസാ

66 കാ - ക്കുക നാ - ഥാ! സ്ലീ - ബായാൽ...........85
67 കേൾപ്പിൻ - ഭൂതലജാതികളേ.......................86
68 ദൈ - വം - ചൊ - ന്നാൻ,..............................87

### വി. വിവാഹം

69 പതിവ്രതയാം - പരിപാവന.........................87
70 സഭയാം തിരുസഭയാ - മീ - ഞാൻ................88
71 സുന്ദരികളിലതിസുന്ദരി..............................89
72 പാ - പം - ചെയ്തേൻ പ്രാർത്ഥന.................90
73 വാഴ്വേറ്റബ്രാഹാം - താതൻ തൻ................91

### രോഗികളുടെ തൈലാഭിഷേകം

74 ഏകാത്മജ - ദേവാ! ഞാൻ..........................91

**സുറിയാനി ഗീതങ്ങൾ 19 എണ്ണം**

### ജനനപെരുന്നാൾ

1. ഹവ് ദേസീലേദ്.......................................13
2. മ്ശീഹോ ഏസി........................................15
3. ബ്രീക്കു യൽദോ.......................................16
4. മാനു സോഫേക്......................................18
6. ഹബ്ലോ ദ്യൽദോ.................................19
7. ലൊക് ശുബഹോ മേൻ............................21
8. ബ്സുൽത്തോ ബർസ്.............................23
9. താവ് ഖുൽഖുൻ താവ്............................25
11. ബ്സുൽതൊ യെൽദാസ്.........................26
12 മാലാഖൊ ദ്നൂഹ്റോ..............................28
13. ബ്സഫറോ മ്ഗൂശേ മെൻ........................29
14 യൗമോനൊ സൊഹ് വന്ഹെസ്.............30
15 ഖൗഖ്ബോ ബാദെക് ഹ്വോ....................31
16 ന്ഹേസ് മാലാഖെ മെൻ.........................32
17 ഹദ് യാലൂദൊ........................................34
18 തൂറൊ ദ്സീനായ്....................................35

### വി. വിവാഹം

69 കദ് മഖ്റോഹ് ഹസ്നോ..........................88
70 ഈത്തോ നോ ഈത്തോ നോവ.............89
71 മോ ശാഫീറാസ് ബസ് ആമേ..................90

## 7. ബൈബിൾ ടെസ്റ്റ്

കേന്ദ്ര തലത്തിൽ ബൈബിൾ ടെസ്റ്റ് മത്സരത്തിൽ ഫൈനൽ റൗണ്ടിൽ ടൈ ബ്രേക്ക് ഉണ്ടായിരിക്കുന്നല്ല. ബൈബിൾ ടെസ്റ്റ് മത്സരത്തിൽ 8 ൽ അധികം മത്സരാർത്ഥികൾ ഉണ്ടെങ്കിൽ '2' ഗ്രൂപ്പായും 16 ൽ അധികം മത്സരാർത്ഥികൾ ഉണ്ടെങ്കിൽ 3 ഗ്രൂപ്പായും തിരിച്ച്, 15 വാക്യങ്ങൾ ഉൾപ്പെടുത്തി പ്രാഥമിക റൗണ്ട് മത്സരം നടത്തേണ്ടതാണ്. ടി പ്രാഥമിക റൗണ്ടിൽ നിന്നും 1,2 സ്ഥാനങ്ങൾ ലഭിക്കുന്ന മുഴുവൻ മത്സരാർ ത്ഥികളെയും ഉൾപ്പെടുത്തി ഫൈനൽ റൗണ്ട് നടത്തേണ്ടതും **(പ്രാഥമിക റൗണ്ടിൽ ടൈ ബ്രേക്ക് ഉണ്ടായിരിക്കുന്നതല്ല)** ഫൈനൽ റൗണ്ടിൽ 20 (വാക്യങ്ങൾ) ചോദ്യങ്ങൾ ഉൾപ്പെടുത്തി മത്സരം നടത്തേണ്ടതുമാണ്.

ഭദ്രാസന/ മേഖല തല മത്സരത്തിലെ ഫൈനൽ റൗണ്ടിൽ 1,2,3 സ്ഥാനങ്ങളിലേക്ക് ടൈ ബ്രേക്ക് കൂടാതെ വിജയികളെ പ്രഖ്യാപിച്ച് സമ്മാനങ്ങൾ നൽകേണ്ടതും എന്നാൽ ഒന്നിലധികം ഒന്നാം സ്ഥാനങ്ങൾ വരികയാണെങ്കിൽ കേന്ദ്രതലത്തിലേക്ക് ഒരാൾക്ക് അവസരം ലഭിക്കുന്നതിനായി 5 വാക്യങ്ങൾ ഉപയോഗിച്ച് ടൈ ബ്രേക്ക് നടത്തേണ്ടതുമാണ്.

## 8. പ്ലസ് വൺ പ്ലസ് ടൂ

2024 മുതൽ പ്ലസ് വൺ പ്ലസ് ടു വിദ്യാർത്ഥികൾക്ക് നിലവിലുള്ള പ്രസംഗം, ക്വിസ് മത്സരങ്ങൾക്കൊപ്പം സിംഗിൾ സോങ്ങ് മത്സരം കൂടി ഉണ്ടായിരിക്കുന്നതാണ്

## 9. കലോത്സവ ലോഗോ

2024 കലോത്സവം കൂടുതൽ വർണ്ണാഭമാക്കുന്നതിന് സൺഡേസ്കൂൾ വിദ്യാർത്ഥികളിൽ നിന്നും കലോത്സവ ലോഗോ ക്ഷണിക്കു ന്നതും ഏറ്റവും നല്ലത് തിരഞ്ഞെടുത്ത് 2024 വർഷത്തെ കലോത്സവ പ്രിന്റിംഗിൽ ഉൾപ്പെടുത്തുന്നതാണ്. വിജയിക്കു കേന്ദ്രതല മത്സരവേദിയിൽ വെച്ച് സമ്മാനങ്ങൾ നൽകുന്നതാണ്.

നടപ്പിലാക്കുന്ന പുതിയമാറ്റങ്ങൾ എല്ലാവരും ശ്രദ്ധയോടുകൂടി മനസ്സിലാക്കി ഒരോ തലങ്ങളിലും മത്സരങ്ങൾ നടത്തേണ്ടതാണ്. വിശദമായ സർക്കുലർ അയക്കുന്നതാണ്.

2022 ൽ പ്രസിദ്ധീകരിച്ച മാനുവലിൽ ചേർത്തിരിക്കുന്ന കലോത്സവ നടത്തിപ്പുമായി ബന്ധപ്പെട്ട വിവിധ മത്സര നിയമങ്ങളിൽ കാലാനുസൃത മായ മാറ്റങ്ങൾ 9.3.2024 ൽ ചേർന്ന കേന്ദ്രകമ്മിറ്റി ചർച്ച ചെയ്ത് തീരുമാനിച്ചു. ടീ മാറ്റങ്ങൾ ഈ സർക്കുലർ വഴി അറിയിക്കുന്നു. പുതിയ മാറ്റങ്ങൾ ഉൾപ്പെടുത്തി കലാ മത്സരങ്ങൾ നടത്തേണ്ടതാണ്. വരുത്തിയ മാറ്റങ്ങൾ ഉൾപ്പെടുത്തി മാനുവൽ പ്രസിദ്ധീകരിക്കുന്നതാണ്.

**കലോത്സവ ജഡ്ജസിനുള്ള ശിൽപ്പശാല 2024 ഏപ്രിൽ മാസം 10-ാം തീയതി പുത്തൻകുരിശ് കേന്ദ്രഓഫീസിൽ വച്ച് നടത്തുന്നതാണ്. വിധി കർത്താക്കളായി പോകുന്നവർ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. ബൈബിൾ ടെസ്റ്റ്, ബൈബിൾ ക്വിസ്, തങ്കവാക്യം എന്നീ വിഭാഗം മത്സരത്തിനായി ചോദ്യങ്ങൾ തയ്യാറാക്കി മത്സരം നടത്തുന്നവരും ശിൽപ്പശാലയിൽ നിർബന്ധമായും പങ്കെടുത്ത് പുതിയ മാറ്റങ്ങൾ മനസിലാക്കേണ്ടതാണ്.**

കർത്താവിൽ എളിയ ശുശ്രൂഷകർ

പി.വി. ഏലിയാസ്
ജനറൽ സെക്രട്ടറി
9446138868, 9526870749

ടി.വി. സജീഷ്
സെക്രട്ടറി
9447640561